# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *770 08.11.2016 – ൽ മറുപടിയ്ക്ക്

## നദീജലം പങ്കിടുന്നത് സംബന്ധിച്ച കരാറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ശശി<br>ശ്രീ. എം. എം. മണി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. ഒ. ആർ. കേളു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) അയൽ സംസ്ഥാനങ്ങളായ തമിഴ് നാട്, കർണ്ണാടകം എന്നിവയുമായി നദീജലം പങ്കിടുന്നത് സംബന്ധിച്ച കരാറുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(എ) നദീജലം പങ്കുവെയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ് നാട്ടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29.05.1970 – ൽ കേരളവും തമിഴ് നാടും 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവെച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ 19.08.1973-ൽ ഒപ്പുവെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവെച്ച പെരിയാർ പാട്ട കരാർ, 1970 – ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് അവ (പെരിയാർ പാട്ടക്കരാറിന് നിയമ സാധുത ഇല്ലെന്നാണ് കേരളത്തിന്റെ നിലപാടെങ്കിലും 07.05.2014-ലെ സുപ്രീം കോടതി വിധിയിൽ കേരളത്തിന്റെ നിലപാട് അംഗീകരിച്ചിട്ടില്ല). നദീജലം പങ്കുവെയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കർണ്ണാടകയുമായി കരാറുകളൊന്നും തന്നെയില്ല.

(ബി) ഇപ്രകാരമുള്ള ഓരോ കരാറിലെയും വ്യവസ്ഥയനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട വെള്ളത്തിന്റെ അളവ് എത്രയാണെന്നും ഈ അളവിൽ ഓരോ വർഷവും എന്നു മുതൽ എന്നുവരെയാണ് വെള്ളം ലഭിക്കേണ്ടതെന്നും വിശദമാക്കാമോ;

(ബി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി. യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി. യുമാണ് കേരളത്തിന്റെ വിഹിതം. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനു പുറമെ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി. എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം

കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേയ്ക്കും വിടേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കീഴ്തടീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽ നിന്ന് 5.0 ക്യുസെക്സ് എന്ന തോതിൽ കേരളത്തിലേയ്ക്ക് ജലത്തിന്റെ ഒഴുക്ക് നിലനിറുത്തേണ്ടതാണ്. പെരിയാർ പാട്ട കരാർ പ്രകാരം കേരളത്തിന് ജലം ലഭിക്കാനുള്ള വ്യവസ്ഥയില്ല.

(സി) പ്രസ്തുത കരാറുകൾ പ്രകാരം സംസ്ഥാനത്തിന് ജലം ലഭിക്കുന്നുണ്ടോ; ഇത് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; ജലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച പരാതികൾ ഇതുമായി ബന്ധപ്പെട്ട സമിതികളിൽ ഉന്നയിച്ചിട്ടുണ്ടോ;

(സി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്ന് മഴക്കുറവുള്ള വർഷങ്ങളിൽ അർഹതപ്പെട്ട ജലം ലഭിക്കാറില്ല. പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ മേൽനോട്ടം നടത്തുന്നതിനു വേണ്ടി മാത്രമായി കേരളം ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു കീഴിൽ രണ്ട് സബ് ഡിവിഷനുകളും ഏഴ് സെക്ഷൻ ഓഫീസുകളുമുണ്ട്. ഈ ഓഫീസുകളുടെ നേതൃത്വത്തിലാണ് സംയുക്ത ഗേജിംഗ് നടത്തുന്നത്. കൂടാതെ കരാർ പ്രകാരമുള്ള ജലം നേടിയെടുക്കുന്നതിന് പരമാവധി ശ്രമിക്കുകയും ചെയ്യുന്നു. പി.എ.പി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡാണ്. കേരളത്തിലേയും, തമിഴ് നാട്ടിലേയും ജലസേചന – വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിലേയും തമിഴ് നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കുന്നു. അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് കൂടുന്ന അവസരത്തിൽ ചർച്ച ചെയ്ത് പരിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. ഇതിനു ആവശ്യമായ രീതിയിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് വർഷത്തിൽ പലതവണ കൂടുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തുവരുന്നു. കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരമാവധി നേടിയെടുക്കാറുണ്ട്. ആവശ്യമുള്ള സന്ദർഭത്തിൽ സർക്കാർ തലത്തിലും കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാൻ വേണ്ട ഇടപെടലുകൾ നടത്താറുണ്ട്.

ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ

നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് കൺട്രോൾ ബോർഡാണ്. കേരളത്തിലേയും തമിഴ് നാട്ടിലേയും ജലസേചന വകുപ്പുകളുടെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് കൺട്രോൾ ബോർഡ്. ഈ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കരാർ പാലിക്കാത്ത സംസ്ഥാനങ്ങളുടെ പേരിൽ കേരളം ഏതെങ്കിലും കോടതികളിൽ വ്യവഹാരം നൽകുകയോ ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) 2012 -13 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പി.എ.പി. യിൽ നിന്ന് ലഭിക്കാത്ത സാഹചര്യത്തിൽ തമിഴ്നാടിന്റെ, പി.എ.പി.കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരായി 16.04.2013-ന് ബഹു.സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) ഫയൽ ചെയ്യുകയുണ്ടായി. ബഹു. കോടതിയിൽ കേസിന്റെ തുടർ നടപടിക്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ. കരാർ പ്രകാരമുള്ള ജലം കേരളത്തിന് നൽകാത്ത തമിഴ്നാടിന്റെ നിലപാട് കേന്ദ്ര സർക്കാരിനേയും അറിയിച്ചിട്ടുണ്ട്.

ഇ) സംസ്ഥാനത്തിന് നദീജലം പങ്കിടുന്നത് സംബന്ധിച്ച കരാറുകൾ പ്രകാരം അർഹമായ ജലം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ഇതു സംബന്ധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിയ്ക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ ?

(ഇ) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്.പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ മേൽനോട്ടം നടത്തുന്നതിനു വേണ്ടി മാത്രമായി കേരളം ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു കീഴിൽ രണ്ട് സബ് ഡിവിഷനുകളും ഏഴ് സെക്ഷൻ ഓഫീസുകളുമുണ്ട്. ഈ ഓഫീസുകളുടെ നേതൃത്വത്തിലാണ് സംയുക്ത ഗേജിംഗ് നടത്തുന്നത്. കൂടാതെ കരാർ പ്രകാരമുള്ള ജലം നേടിയെടുക്കുന്നതിന് പരമാവധി ശ്രമിക്കുകയും ചെയ്യുന്നു. പി.എ.പി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡാണ്. കേരളത്തിലേയും, തമിഴ്നാട്ടിലേയും ജലസേചന – വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കുന്നു. അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് കൂടുന്ന അവസരത്തിൽ ചർച്ച ചെയ്ത് പരിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. ഇതിനു

ആവശ്യമായ രീതിയിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് വർഷത്തിൽ പലതവണ കൂടുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തുവരുന്നു. കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരമാവധി നേടിയെടുക്കാറുണ്ട്. കൂടാതെ സർക്കാർ തലത്തിലും കരാർ പ്രകാരമുള്ള ജല ലഭ്യത ഉറപ്പുവരുത്താൻ സമയോചിതമായ ഇടപെടലുകൾ നടത്തിവരാറുണ്ട്.

പി.എ.പി. കരാറിൽ കരാർ ലംഘനങ്ങളുമായി (violation of agreement) ബന്ധപ്പെട്ട വിഷയങ്ങളും അതിന്റെ പ്രതിവിധികളും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. എന്നാൽ കരാർ ഖണ്ഡിക 5(iv) (f) പ്രകാരം കരാറുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന എല്ലാ തർക്കവും, സംശയവും, വ്യത്യാസവും, ചോദ്യവും ഇരു പാർട്ടികളും സമ്മതിക്കുന്നപക്ഷം പരിഹരിക്കാൻ ആർബിട്രേറ്ററെ സമീപിക്കാമെന്നു വ്യവസ്ഥയുണ്ട്.

ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് കൺട്രോൾ ബോർഡാണ്. കേരളത്തിലേയും തമിഴ് നാട്ടിലേയും ജലസേചന വകുപ്പുകളുടെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് കൺട്രോൾ ബോർഡ്. ഈ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശിരുവാണി കരാറിലും, പി.എ.പി. കരാറിലുള്ളതു പോലെ ആർബിട്രേഷന് വ്യവസ്ഥയുണ്ട് [ഖണ്ഡിക (f) (xx)].

സെക്ഷൻ ഓഫീസർ